**No. CEE/4012/PGM-2017/TA3**

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## പത്രക്കുറിപ്പ്

## പി.ജി മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം 2017
## പുതുക്കിയ കേരള സ്റ്റേറ്റ് കമ്പയിൻഡ് മെറിറ്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

**NEET PG 2017** ലെ യോഗ്യതാ മാനദണ്ഡം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് കുറച്ചിട്ടുള്ള സാഹചര്യത്തിൽ പുതുതായി യോഗ്യത നേടിയവർക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ പുതുതായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം 25.05.2017 വൈകുന്നേരം 5 മണി മുതൽ 26.05.2017 രാത്രി 11 മണി വരെ ലഭ്യമാക്കിയിരുന്നു. 21.05.2017 ന് പ്രസിദ്ധീകരിച്ച Kerala State Combined Merit List-ൽ ഉൾപ്പെട്ടവരെയും, 26.05.2017 രാത്രി 11 മണി വരെ പുതുതായി രജിസ്റ്റർ ചെയ്തവരെയും ഉൾപ്പെടുത്തി ഒരു പുതുക്കിയ റാങ്ക് ലിസ്റ്റ് (Revised Kerala State Combined Merit list) വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

പുതുതായി രജിസ്റ്റർ ചെയ്ത് Revised Kerala State Combined Merit list –ൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ ജനറൽ ക്വാട്ട സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് താഴെപ്പറയുന്ന രേഖകൾ 2017 മേയ് 28–ാം തീയതി രാവിലെ 9.30 മുതൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് ക്യാമ്പസിലെ ഓൾഡ് ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന സ്പോട്ട് അഡ്മിഷന് ഹാജരാകേണ്ടതാണ്.

(i) കേരളാ നേറ്റിവിറ്റി തെളിയിക്കുന്നതിനുള്ള രേഖകൾ

(ii) എസ്.സി/എസ്.റ്റി വിഭാഗക്കാർ തഹസിൽദാർ നൽകുന്ന കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്,

(iii) എസ്.ഇ.ബി.സി വിഭാഗക്കാർ വില്ലേജ് ഓഫീസർ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്.

കൂടാതെ ഇതുവരെ ഡിമാന്റ് ഡ്രാഫ്റ്റ് എടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഫീസ്, പണമായി ഒടുക്കുന്നതിനുള്ള സൗകര്യം സ്പോട്ട് അഡ്മിഷന് ഒരുക്കുന്നതാണ്. അതിനായി രക്ഷകർത്താവിന്റെയോ/വിദ്യാർത്ഥിയുടെയോ പാൻ കാർഡിന്റെ കോപ്പി കൈവശം കരുതേണ്ടതാണ്. വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത **സ്പോട്ട് അഡ്മിഷൻ സ്ലിപ്പ്** അഡ്മിഷൻ സമയത്ത് നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
27.05.2017